## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2879

13.03.2020-ൽ
മറുപടിയ്ക്ക്

## ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**
ശ്രീ. വി.എസ്. ശിവകുമാർ

**ഉത്തരം**
ശ്രീ. ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നിലവിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(എ) സംസ്ഥാനത്ത് ഭവന നിർമ്മാണ മേഖലയിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സ്വന്തമായി 2 സെന്റ് / 3 സെന്റ് ഭൂമിയുള്ള / റവന്യൂ വകുപ്പിൽ നിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമാക്കിയിട്ടുള്ള ദുർബല വിഭാഗം / താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന / എൻ.ജി.ഒ / കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 66.ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് സബ്സിഡിയായി രണ്ട് ലക്ഷം രൂപ അനുവദിക്കുന്ന ഗൃഹശ്രീ ഭവന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ലഭ്യമാക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ പദ്ധതിയായ സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ വാടക വീട് പദ്ധതി ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകളും വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നിവിടങ്ങളിൽ 24 ഫ്ലാറ്റുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും മിതമായ നിരക്കിൽ വാടകയ്ക്ക് താമസ സൗകര്യം ഒരുക്കുന്ന ആശ്വാസ് വാടക വീട് പദ്ധതി ആലപ്പുഴ മെഡിക്കൽ കോളേജിന് സമീപം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്ത് വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി നടപ്പാക്കി വരുന്നു. വയനാട് ജില്ലയിലെ മാനന്തവാടിയിലും, കാസർഗോഡ്

| | | | |
|---|---|---|---|
| | | | ജില്ലയിലെ മാധൂറിലും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>തിരുവനന്തപുരം ജില്ലയിലെ കടകംപള്ളി, കണ്ണൂർ ജില്ലയിലെ മട്ടന്നൂർ, കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ എന്നിവിടങ്ങളിൽ റവന്യൂ ടവറുകളുടെ നിർമ്മാണം നടന്നു വരുന്നു. അതുപോലെ പത്രപ്രവർത്തകർക്ക് വീട് വച്ചു നല്കുന്ന പദ്ധതിയായ പത്രപ്രവർത്തക ഭവന പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്നുണ്ട്.<br>കൂടാതെ, വിവിധ സർക്കാർ/ അർദ്ധ സർക്കാർ / സ്വകാര്യ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് / കൺസൾട്ടൻസി ജോലികൾ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത ബോർഡിന് ആവശ്യമായ തുക ബജറ്റിൽ വകയിരുത്താത്തത് മൂലം ബോർഡിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ബജറ്റിൽ വകയിരുത്താത്തത് മൂലം ബോർഡിന്റെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചിട്ടില്ല. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്താൻ കഴിയാതെ വന്നിട്ടുണ്ട്. |
| (സി) | നഗരപ്രദേശത്തെ ദരിദ്രർക്കായുള്ള നവീന ഭവന പദ്ധതി ബോർഡ് നടപ്പിലാക്കിയിട്ടുണ്ടോ; ഇതിൽ എത്ര ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (സി) യും (ഡി) യും | നഗര പ്രദേശത്തെ ദരിദ്രർക്കായുള്ള നവീന ഭവന പദ്ധതി സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടില്ല. എന്നാൽ നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുകയും നഗരാതിർത്തിക്ക് പുറത്ത്, ജോലി സ്ഥലങ്ങളിൽ നിന്ന് വളരെ ദൂരത്തായി രാത്രി കാലങ്ങളിൽ താമസിക്കുന്നതിന് നിർബ്ബന്ധിതരാകുകയും ചെയ്യുന്ന ദുർബ്ബല വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക്, താമസിക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്ന ഇന്നൊവേറ്റീവ് ഭവന പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം തിരുവനന്തപുരം പൂജപ്പുരയിൽ 4 ഘട്ടങ്ങളിലായി 88 ഫ്ലാറ്റുകളും, തൃശ്ശൂർ കുട്ടനെല്ലൂരിൽ 3 ഘട്ടങ്ങളിലായി 72 ഫ്ലാറ്റുകളും, കോഴിക്കോട് ചേവായൂരിൽ 2 ഘട്ടങ്ങളിലായി 40 ഫ്ലാറ്റുകളും എറണാകുളം തൃക്കാക്കരയിൽ 36 ഫ്ലാറ്റുകളും പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഡി) | നിലവിൽ എവിടെയൊക്കെയാണ് ഈ പദ്ധതി പ്രകാരമുള്ള ഫ്ലാറ്റുകളുടെ നിർമ്മാണം നടക്കുന്നതെന്ന വിശദാംശം നൽകാമോ? | | |

സെക്ഷൻ ഓഫീസർ